ഹരിതകേരളം മിഷൻ
കേരള സർക്കാർ

നം. എച്ച്.കെ.എം/എ2/046/2018 02.06.2018.

പ്രേഷകൻ

എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ

സ്വീകർത്താവ്

എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ നഗരസഭാ മേയർ/ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

സർ,

വിഷയം : ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം പ്രതിജ്ഞ, ഹോർഡിംഗ് സ്ഥാപിക്കൽ തുടങ്ങിയവ- സംബന്ധിച്ച്.

സൂചന : 1). 05.10.2017-ലെ സ.ഉ.(സാധാ) നം. 3214/2017/തസ്വഭവ.
2). 04.05.2018 ന് തസ്വഭവ (ഡി.സി.) വകുപ്പിൽനിന്നും വന്ന 176/ഡി.സി. 18/തസ്വഭവ നമ്പർ സർക്കുലർ.

സുചന (1), (2) പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിവരികയാണല്ലോ. ആയത് പ്രകാരം ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന് മുന്നോടിയായി ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്ന വേളയിൽ എടുക്കേണ്ട പ്രതിജ്ഞയും ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപിക്കുന്നതിന്റെ സൂചകമായി സ്ഥാപിക്കേണ്ടുന്ന ഹോർഡിംഗിന്റെ മാതൃകയും തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് കത്തിനൊപ്പം ഉൾക്കൊള്ളിക്കുന്നു. **പ്രകൃതി സൗഹൃദ വസ്തുക്കളോ പുനഃചംക്രമണ യോഗ്യമായ വസ്തുക്കളോ ഉപയോഗിച്ച് മാത്രമേ ഹോർഡിംഗ് നിർമ്മിക്കാൻ പാടുള്ളൂ.**

കൂടാതെ ജൂൺ 5 വരെ നടത്തിയിട്ടുള്ള എല്ലാ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളുടെയും ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് (പഴയ സ്ഥിതിയും നിലവിലെ മാറ്റവും ഉൾപ്പെടുത്തി) ബഹു. ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിലേക്കായി **2018 ജൂൺ 15 ന് മുൻപായി** ചുവടെ കൊടുക്കുന്ന ഇ-മെയിൽ അഡ്രസ്സിൽ അയച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

(harithakeralamgok@gmail.com, sanitationkerala@gmail.com)

വിശ്വസ്തതയോടെ,

ഡോ. ടി.എൻ. സീമ
എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ

ടി.സി. 2/3271(3)(4), ഹരിതം, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം - 695 004
ഫോൺ : 0471-2449939, ഇ-മെയിൽ : haritham@kerala.gov.in, harithakeralamgok@gmail.com

# <u>പ്രതിജ്ഞ</u>

ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണത്തിനും പരിപാലനത്തിനുമായുള്ള ഹരിത പെരു[illegible]ചട്ടം ഇന്ന് മുതൽ ഞാൻ പാലിക്കുന്നതാണ്. മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യം സംസ്കരിച്ച് ജൈവവളമാക്കി ഉപയോഗിക്കുന്നതിനും, അജൈവ മാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനും ഈ ഓഫീസിലും, വീട്ടിലും ഞാൻ വ്യക്തിപരമായിതന്നെ പരിശ്രമിക്കുന്നതാണ്. ഹരിത പെരുമാറ്റം പാലിക്കുന്നതോടൊപ്പം ഞാൻ മറ്റുള്ളവരോട് ഇത് നടപ്പാക്കുന്നതിനായി നിരന്തരം പ്രേരിപ്പിക്കുമെന്നും, എന്റെ ജീവിതത്തിൽ എന്നും ഇത് നിലനിർത്തുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. ഈ ഓഫീസ് ഹരിത ഓഫീസായി നിലനിർത്തുന്നതിന് ഞാൻ എന്നും പരിശ്രമിക്കുന്നതാണ്.

**പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ**